എസ്.എ (4)33976/2019

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 03/11/2020

## സർക്കുലർ

വിഷയം:- ആശ്രിതനിയമനം- അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- 1. സർക്കാർ ഉത്തരവ് (പി) 12/99/P&ARD തീയതി 24/05/1999.
2. സർക്കാർ ഉത്തരവ് (പി) 24/99/ P&ARD തീയതി 18/11/1999.
3. സർക്കാർ ഉത്തരവ് (പി) 33/2014/ഉ ഭ പ വ തീയതി 26/09/2014.

സർക്കാർ സർവ്വീസിലിരിക്കെ മരണമടഞ്ഞുപോകുന്ന ജീവനക്കാരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നതിന് വേണ്ടിയാണ് സർക്കാർ സമാശ്വാസ തൊഴിൽദാനപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ സമാശ്വാസ തൊഴിൽ ദാനപദ്ധതിപ്രകാരം ലഭിക്കുന്ന അപേക്ഷകൾ അശ്രദ്ധമായി കൈകാര്യം ചെയ്യുന്നത് മൂലം ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആശ്രിതനിയമനം സംബന്ധിച്ച അപേക്ഷകളിന്മേൽ പൂർണ്ണമായി പരിശോധന നടത്താതെയും, അപാകതകൾ പരിഹരിക്കാതെയും ഈ കാര്യാലയത്തിൽ അയയ്ക്കുന്നതു നിമിത്തം അപേക്ഷകൾ യഥാസമയം സർക്കാരിലേയ്ക്ക് അയയ്ക്കുവാൻ കാലതാമസം ഉണ്ടാകുന്നു. കൂടാതെ അശ്രദ്ധമായി ഇത്തരത്തിലുള്ള ഫയലുകൾ കൈകാര്യം ചെയ്യുന്നതിന്റെ ഫലമായി അർഹതപ്പെട്ട അപേക്ഷകർക്ക് യഥാസമയം ജോലി ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായും ആയത് സമാശ്വാസ തൊഴിൽ ദാനപദ്ധതിയുടെ ഉദ്ദേശശുദ്ധിയെ തന്നെ അപ്രസക്തമാക്കുന്നതായും വിലയിരുത്തുന്നു. ആയതിനാൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും മാനദണ്ഡങ്ങളും അനുസരിച്ച് അപേക്ഷകൾ കൈകാര്യം ചെയ്ത് കാലതാമസം കൂടാതെ ഡയറക്ടേറ്റിൽ അയച്ചുതരേണ്ടതാണ്. അപേക്ഷ അയയ്ക്കുമ്പോൾ അപാകതകൾ ഒഴിവാക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന സംഗതികൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1. സർക്കാർ ഉത്തരവ് (പി) 12/9/P&ARD തീയതി 24/05/1999 ലെ Appendix A,B എന്നിവയിൽ നിശ്ചിത തുകയ്ക്കുള്ള Courtfee Stamp പതിച്ച് മരണപ്പെട്ട ഉദ്യോഗസ്ഥന്റെ സേവന വിവരങ്ങൾ കൃത്യമാണോ എന്ന് പരിശോധിച്ച് പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ മേലൊപ്പ് ചാർത്തേണ്ടതാണ്.

2. വരുമാന സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.

4. സമയാസമയങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വരുമാന പരിധി കർശമായി പാലിച്ചുകൊണ്ട് മാത്രമേ അപേക്ഷകൾ പരിഗണിക്കാൻ പാടുള്ളൂ. നിലവിൽ GO (P) No. 7 2018 P&ARD Dated: 28/04/2018 പ്രകാരം കുടുംബവരുമാന പരിധി 8 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

5. സർക്കാർ ഉത്തരവ് (പി) 14/2010/ഉ ഭ പ വ, തിയതി 12/04/2010 പ്രകാരം, അപേക്ഷിക്കുന്ന വിവാഹിതരായ മകൻ / മകൾ വിവാഹ ശേഷവും മരണാനന്തര ഉദ്യോഗസ്ഥന്റെ ആശ്രിതരായിരുന്നു എന്ന് തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

6. വിധവ/ വിഭാര്യൻ ഒഴികെയുള്ള ആശ്രിതന് നിയമനം ലഭിക്കുന്നതിന് വിധവ / വിഭാര്യന്റെ സമ്മതപത്രം ഹാജരാക്കേണ്ടതാണ്.

7. ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥ മരണമടഞ്ഞ് ഒരു വർഷത്തിനുള്ളിൽ ആശ്രിത വരുമാന സർട്ടിഫിക്കറ്റുകൾ റവന്യൂ അധികാരികളിൽ നിന്നും വാങ്ങി സമർ പ്പിക്കേണ്ടതാണ്.

8. വിവാഹിതരായ മകൻ/ മകൾ അപേക്ഷ സമർപ്പിക്കുമ്പോൾ ജീവിത പങ്കാളിയുടെ വരുമാനം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

9. സ.ഉ (പി) നമ്പർ. 33/2014/ഉഭപവ, തീയതി 26/09/2014 മാനദണ്ഡങ്ങൾ പാലിച്ച വേണം അപേക്ഷ സമർപ്പിക്കേണ്ടത് (ഉള്ളടക്കം ചെയ്യുന്നു ).

അപേക്ഷ പരിശോധിക്കപ്പെടുന്ന ഏതെങ്കിലും ഘട്ടത്തിൽ രേഖകളിൽ ന്യൂനതകൾ കണ്ടെത്തിയാൽ പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് പുന :സമർപ്പിക്കുന്ന തീയതിയായിരിക്കും അപേക്ഷയുടെ സാധുവായ തീയതി (valid application date). അപേക്ഷകന്റെ സീനിയോരിറ്റി കണക്കാക്കുന്നത് valid application തിയതി മുതലായിരിക്കും. ടി വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്. കൂടാതെ valid application date ഉൾപ്പെടുത്തി മാത്രമായിരിക്കണം ന്യൂനതകൾ പരിഹരിച്ച അപേക്ഷ ജില്ലാ ഓഫീസിൽ നിന്നും ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതാണ്.

10. സേവന സാക്ഷ്യപത്രത്തിന്റെ അസ്സൽ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കേണ്ടതാണ്.

11. അപേക്ഷകളുടെയും അനുബന്ധങ്ങളുടെയും 2 പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.

12. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അസ്സൽ നിശ്ചിത പ്രൊഫോർമയിൽ സമർപ്പിക്കേണ്ടതാണ്.

ഈ സർക്കുലർ വിശദമായി പരിശോധിച്ച് ആയതുപ്രകാരം കുറ്റമറ്റ രീതിയിലുള്ള അപേക്ഷ അനുബന്ധരേഖകൾ സഹിതം ഈ കാര്യാലയത്തിലേക്ക് അയക്കേണ്ടതാണ്. സർക്കുലറിന്റെ കൈപ്പറ്റ് രസീത് അയച്ചുതരേണ്ടതാണ്.

(ഒപ്പ്)
**കാർഷിക വികസന കർഷക ക്ഷേമ**
**വകുപ്പ് ഡയറക്ടർ**

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

കൃഷി ഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസുകൾ

**BINDU MOL. T**
**Administrative Assistant II**
**Agriculture Development &**
**Farmers Welfare Department**
**Vikas Bhavan, Trivandrum**

എസ്.എഫ്.വി കിട്ടിയത് നം. ഇ (1) 3936/17 തീ. 24/12/20